# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2907** — **13.03.2018 ൽ മറുപടിയ്ക്ക്**

## ക്ലസ്റ്റർ സംവിധാനത്തിലുള്ള പച്ചക്കറി കൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്ത് ക്ലസ്റ്റർ സംവിധാനത്തിലുള്ള പച്ചക്കറി കൃഷി വിജയപ്രദമാണോ;എങ്കിൽ അത് വ്യാപിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | വിജയപ്രദമാണ്. സംസ്ഥാനത്ത് ക്ലസ്റ്റർ സംവിധാനത്തിലുള്ള പച്ചക്കറി കൃഷിയ്ക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 800 ക്ലസ്റ്ററുകൾ ഉണ്ടായിരുന്നു. ക്ലസ്റ്റർ സംവിധാനത്തിലുള്ള പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 1000 ക്ലസ്റ്ററുകളായി ഉയർത്തിയിട്ടുണ്ട്. ഇതിനായി ആകെ 750 ലക്ഷം രൂപ ഫണ്ട് അനുവദിക്കുകയും ചെയ്തു. |
| ബി) | സ്വാശ്രയസംഘങ്ങൾ വഴി നടത്തുന്ന കൃഷിയുടെ വിലയിരുത്തൽ എപ്രകാരമാണ് നടത്തുന്നത്; മികച്ച പോയിന്റ് നേടുന്ന ക്ലസ്റ്ററുകൾക്ക് പ്രത്യേക സഹായം നൽകാറുണ്ടോ; വിശദമാക്കുമോ; | ബി) | 2016 -17 വരെയുള്ള 800 ക്ലസ്റ്ററുകളുടെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുകയും അവയെ ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആകെ 100 പോയിന്റിൽ 60 പോയിന്റിനുമേൽ ലഭിക്കുന്നവയെ എ ഗ്രേഡായും 50 മുതൽ 60 വരെ ലഭിക്കുന്നവയെ ബി ഗ്രേഡായും 50 താഴെ ലഭിക്കുന്നവയ്ക്ക് സി ഗ്രേഡായും തരംതരിക്കുന്നു. എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 6.3 ലക്ഷം രൂപ പ്രത്യേക സഹായമായി നൽകുന്നു. ഇതിനായി നടപ്പുവർഷം 630 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക മാർക്കറ്റ് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും. ഇതു കൂടാതെ 2017-18 വർഷം മുതൽ നിലവിലുള്ള എ ഗ്രേഡ് ക്ലസ്റ്ററുകളെ വീണ്ടും ഗ്രേഡ് ചെയ്യുകയും അതിൽ മികച്ച പോയിന്റ് നേടുന്ന ആദ്യത്തെ 20 ക്ലസ്റ്ററുകളെ സൂപ്പർ |

| | | | |
|---|---|---|---|
| | | | ക്ലസ്റ്ററുകളായി പരിഗണിച്ച് അവയ്ക്ക് 5 ലക്ഷം രൂപ വീതമുള്ള പ്രത്യേക സഹായം പ്രോജക്ടടിസ്ഥാനത്തിൽ നൽകാനായി 100 ലക്ഷം രൂപ 2017-18 വർഷം അനുവദിച്ച് നടപ്പിലാക്കി വരുന്നു. |
| സി) | ഇടനിലക്കാരെ ഒഴിവാക്കി പച്ചക്കറി നേരിട്ട് ലേലം ചെയ്ത് വിപണനം നടത്തുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ടോ; ഇതുമൂലം കർഷകർക്കുണ്ടായിട്ടുള്ള നേട്ടം എന്തൊക്കെയാണ്; | സി) | ഇടനിലക്കാരെ ഒഴിവാക്കി പച്ചക്കറികൾ ലേലം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ട്. കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആഴ്ചചന്തകൾ നടപ്പിലാക്കി വരുന്നു. കൂടാതെ 31 ബി.എൽ.എഫ്.ഒ. മാർക്കറ്റുകൾ ഉൾപ്പെടെ 208 ക്ലസ്റ്റർ മാർക്കറ്റുകൾ പച്ചക്കറി വികസന പദ്ധതി പ്രകാരം പ്രവർത്തിക്കുന്നുണ്ട്. ആയവ വഴിയും നേരിട്ട് ലേലം നടക്കുന്നുണ്ട്. കൂടാതെ ഓണം, വിഷു തുടങ്ങിയ ഉത്സവ സീസണുകളിൽ പൊതു വിപണിയിലെ വിലയെക്കാൾ 10 ശതമാനം കൂട്ടി ഓണസമൃദ്ധി വിഷുക്കണി മാർക്കറ്റുകളിലേയ്ക്ക് കർഷകരിൽ നിന്നും നേരിട്ടും, ഹോർട്ടികോർപ്പ് മുഖേനയും പച്ചക്കറി സംഭരിക്കുന്നുണ്ട്. ഇടനിലക്കാരെ ഒഴിവാക്കി ന്യായ വില ലഭിക്കുന്നവിധം വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, കാർഷിക മൊത്ത വ്യാപാര വിപണി എന്നിവ വഴി പച്ചക്കറി സംഭരിക്കുന്നതിനുള്ള സംവിധാനം ഉണ്ട്. ഇതുവഴി കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നു. |
| ഡി) | സംസ്ഥാനത്ത് പച്ചക്കറി ഉല്പ്പാദന കമ്പനി രൂപീകരിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ? | ഡി) | സംസ്ഥാനത്ത് പച്ചക്കറി ഉല്പാദന കമ്പനി രൂപീകരിക്കുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിനായി കൺസൾട്ടന്റുകളായി രണ്ട് IRMA ബിരുദധാരികളെ നിയമിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ